പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2106 — 7.12.2015-ലെ മറുപടിക്ക്

## തടവുകാർക്ക് നൽകുന്ന വേതനം

| ചോദ്യം<br>ശ്രീ.കെ.എൻ.എ.ഖാദർ | മറുപടി<br>ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്തെ ജയിലുകളിലെ തടവുകാർക്ക് ജയിലിനുള്ളിലെ ജോലിയ്ക്ക് നൽകുന്ന ഒരു ദിവസത്തെ വേതനം എത്ര രൂപയാണ്; ഇത് ഏറ്റവും ഒടുവിൽ പരിഷ്കരിച്ചതെന്നാണ്; | എ) ജയിലിലെ തടവുകാർക്ക് ലഭിക്കുന്ന ഒരു ദിവസത്തെ ഏറ്റവും കുറഞ്ഞ വേതനം 21/- രൂപയും ഏറ്റവും കൂടിയ വേതനം 117/- രൂപയുമാണ്. 22.06.2007-ലെ ജി.ഒ. (എം.എസ്.)നം.144/2007/ആഭ്യന്തരം ഉത്തരവു പ്രകാരമാണ് ജയിൽ തടവുകാരുടെ വേതനം അവസാനമായി പരിഷ്കരിച്ചത്. |
| ബി) തടവുകാർക്ക് ജയിലിനുള്ളിലെ എല്ലാത്തരം ജോലികൾക്കും തുല്യവേതനമാണോ നൽകിവരുന്നത്; അല്ലെങ്കിൽ ഇത് നൽകുന്നതിന്റെ മാനദണ്ഡമെന്താണ്; | ബി) അല്ല. ജയിലുകളിൽ തടവുകാർ ചെയ്യുന്ന തൊഴിലുകളെ കഠിനം, ഇടത്തരം, ലഘുവായത് എന്നിങ്ങനെ മൂന്നായി തരം തിരിച്ചിരിക്കുന്നു. ജോലിയുടെ പ്രത്യേകതയും കാഠിന്യവും പരിഗണിച്ചാണ് വേതനം നിശ്ചയിച്ചിട്ടുള്ളത്. |
| സി) ശിക്ഷാ കാലാവധിയ്ക്കു ശേഷം പുറത്തുവരുന്ന തടവുകാർക്ക് ജീവിതം മുന്നോട്ട് കൊണ്ടുപോകുവാൻ വളരെയേറെ പ്രയാസങ്ങൾ അനുഭവിക്കേണ്ടി വരുന്നുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി)യും (ഡി)യും : ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തടവുകാർക്കായി ജയിലുകളിൽ വിവിധയിനം തൊഴിൽ പരിശീലന പരിപാടികൾ നടത്തി വരുന്നുണ്ട്. ജയിൽ മോചനത്തിനുശേഷമുള്ള അവരുടെ പുനഃരധിവാസം ലക്ഷ്യമിട്ടാണ് ഇത്തരം തൊഴിൽ പരിശീലനം നൽകിവരുന്നത്. കൂടാതെ, തടവുകാരുടെ വേതനം പുനർ നിർണ്ണയിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. |
| ഡി) ഇത്തരക്കാർക്ക് ജീവിതം മുന്നോട്ട് കൊണ്ടുപോകുന്നതിന് സഹായകരമായ തരത്തിലുള്ള വേതനം ജയിലുകളിലെ ജോലിയ്ക്ക് ലഭിക്കേണ്ടതാണെന്ന് സർക്കാർ കരുതുന്നില്ലേ; എങ്കിൽ ഈ വേതനം പരിഷ്കരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ? | |

സെക്ഷൻ ഓഫീസർ